വനവൽക്കരണം നടത്തിയതിന് 36.01 കോടി രൂപ ചെലവാക്കുകയും ചെയ്തു.

3. സംയോജിത വനവൽക്കരണം.

100% കേന്ദ്ര സഹായത്തോടെ വനവൽക്കരണം, മണ്ണ് സംരക്ഷണം, ജലസംരക്ഷണം, സംയുക്ത വനപരിപാലനം എന്നിവ ചേർത്ത് വാട്ടർ ഷെഡുകളുടെ സമഗ്രവികസനമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 1998 -99 മുതൽ 5 വർഷം കൊണ്ട് നടപ്പാക്കുന്നതാണ് ഈ പദ്ധതി. ഇതുവരെ 4631 ഹെക്ടർ വനഭൂമിയിൽ ഈ പദ്ധതി നടപ്പിലാക്കിയത് വഴി ആകെ 3.11 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പദ്ധതികളിൽ കേരള ഫോറസ്ട്രി പ്രോജക്ടിന് മാത്രമാണ് ലോകബാങ്ക് സഹായം ലഭ്യമായിട്ടുള്ളത്.

(ഡി) കേരള ഫോറസ്ട്രി പ്രോജക്ടിനുവേണ്ടി 152.1 കോടി രൂപ (39 മില്യൻ യു.എസ്. ഡോളർ) ലോകബാങ്കിൽ നിന്ന് സഹായം ലഭിക്കുന്നതാണ്. ഈ പദ്ധതി 1998-99 മുതൽ നടപ്പിലാക്കിവരുന്നു.

1998-99 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ 1385.310 ലക്ഷം രൂപ (താൽക്കാലികം) ചെലവാക്കുകയുണ്ടായി. ഈ പദ്ധതിയനുസരിച്ച് 1998 -99-ൽ 2352 ഹെക്ടർ അല്പമായി അസ്വസ്ഥപ്പെടുത്തപ്പെട്ട സ്വാഭാവിക വനങ്ങളുടെ പുനരുദ്ധാരണം 1265 ഹെക്ടർ പ്രക്ഷീണ സ്വാഭാവിക വനങ്ങളിലെ പുനരധിവാസം 479 ഹെക്ടർ പ്രദേശത്ത് ഈറ്റ, മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാരണം. 252 ഹെക്ടറിൽ വ്യാവസായികതോട്ടങ്ങൾ വെച്ചുപിടിപ്പിക്കൽ 115 ഹെക്ടറിൽ തേക്ക് വച്ചുപിടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1999-2000 വർഷത്തിൽ 40 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് ബജറ്റിൽ നീക്കി വെച്ചിട്ടുണ്ട്.

28 (*88) നെൽക്കൃഷി വികസനത്തിന് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം

ശ്രീ. ബാബു ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നെൽപ്പാടങ്ങൾ നികത്തുന്നതുമൂലം നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം സംസ്ഥാനത്ത് വർഷംതോറും കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് കർശനമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നെൽക്കൃഷി രംഗത്ത് അനുഭവപ്പെടുന്ന തൊഴിലാളികളുടെ ദൗർലഭ്യം കണക്കിലെടുത്ത് നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ട്രാക്റ്റർ, പവർടില്ലർ സ്പ്രേയറുകൾ, പമ്പ്സെറ്റ് തുടങ്ങിയ യന്ത്രോപകരണങ്ങൾ കൃഷിക്കാരന് 50% വില സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിവിധ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് ഒരു സമഗ്ര നെൽക്കൃഷി വികസന പദ്ധതിക്ക് രൂപം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഭൂവിനിയോഗ ഉത്തരവ് കൂടുതൽ ഫല പ്രദമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം വ്യാപകമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രശ്ന പ്രദേശങ്ങളിലേയ്ക്ക് ഉപയോഗത്തിനായി 6 കൊയ്ത്തു മെതി യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ട്. കാർഷികോപകരണങ്ങൾ 100% സബ്സിഡിയിൽ നല്കി അവയുടെ സേവനം സമിതികൾ/സഹകരണസംഘങ്ങൾ/കർഷക സംഘടനകൾ പഞ്ചായത്ത് എന്നിവ വഴി കൃഷിക്കാരന് ലഭ്യമാക്കുന്നുണ്ട്. കൂടാതെ കർഷകർക്കും കർഷകസമിതികൾക്കും ട്രാക്ടർ വാങ്ങുന്നതിന് 30% (പരമാവധി (30,000 രൂപ) സബ്സിഡിയും ടില്ലർ വാങ്ങുന്നതിന് 50% (പരമാവധി 30000 രൂപ) സബ്സിഡിയും നൽകുന്നു. മറ്റ് കാർഷികോപകരണങ്ങൾക്ക് 50% (പരമാവധി 500 രൂപ) സബ്സിഡി നൽകുന്നുണ്ട്.

(ഡി) നെൽക്കൃഷി വികസിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

29 (*89) റെയിൽവേ വികസനം

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനം ലക്ഷ്യമാക്കി സർക്കാർ കേന്ദ്രത്തിൽ പദ്ധതികൾ വല്ലതും സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ കേന്ദ്രഗവൺമെന്റ് ഇതിനകം അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതിയ പാതകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) റെയിൽവേ വികസനം തെക്കേ ഇൻഡ്യയിൽ ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)എങ്കിൽ ഇതു പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ എന്തൊക്കെ പ്രേരണ ചെലുത്തുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly